"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം - പാലക്കാട് കണിമംഗലം വി.എം.ജി സ്കൂളിൽ പ്രധാനാദ്ധ്യാപിക തസ്തികയിൽ നിന്നും വിരമിച്ച ശ്രീമതി.ഗീതാദേവി.പി.കെ ഫയൽ ചെയ്ത WP(C)No.34821/2024 കേസിൽ ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച 04.10.2024 ലെ വിധിന്യായം നടപ്പിലാക്കി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.4224/2025/GEDN തീയതി,തിരുവനന്തപുരം, 26-06-2025

---

പരാമർശം:-

1. ശ്രീമതി.ഗീതാദേവി.പി.കെ സമർപ്പിച്ച ഹർജി (Ext P8)
2. ശ്രീമതി.ഗീതാദേവി.പി.കെ ബഹു.ഹൈക്കോടതിയിൽഫയൽ ചെയ്ത WP(C)No.34821/2024 കേസിൽ ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച 04.10.2024 ലെ വിധിന്യായം
3. കൊല്ലങ്കോട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 13.03.2025 ലെ AEOKLG/490/2024-F നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പാലക്കാട് കണിമംഗലം വി.എം.ജി സ്കൂളിൽ പ്രധാനാദ്ധ്യാപിക തസ്തികയിൽ നിന്നും വിരമിച്ച ശ്രീമതി.ഗീതാദേവി.പി.കെ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)No.34821/2024-ന്റെ 4.10.2024-ലെ വിധിന്യായത്തിൽ ഹർജിക്കാരി സമർപ്പിച്ച എക്സിബിറ്റ് പി8 നിവേദനം, ഹർജിക്കാരിയെയും, ആറാം എതിർ കക്ഷി സ്കൂൾ മാനേജരെയും കേട്ട് തീർപ്പാക്കുവാൻ ഒന്നാം എതിർകക്ഷിയായ പ്രിൻസിപ്പൽ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിരുന്നു. പ്രിൻസിപ്പൽ സെക്രട്ടറിയുടെ നിർദ്ദേശ പ്രകാരം ഹർജിക്കാരിയെയും ബന്ധപ്പെട്ട കക്ഷികളെയും 17.3.2025-ൽ ഗൂഗിൾ മീറ്റ് മുഖാന്തിരം കേട്ടു.

**2.ഹർജിക്കാരിയുടെ വാദങ്ങൾ താഴെ കൊടുക്കുന്നു.**

ഹർജിക്കാരി വി.എം.ജി സ്കൂളിൽ എൽ.പി.എസ്.ടി ആയി 16.5.1983-ൽ

സർവ്വീസിൽ പ്രവേശിച്ചതാണ്. എന്റെ ജനന തീയതി **18.5.1964** ആയതിനാൽ എനിക്ക് **18.5.2014**-ൽ **50** വയസ്സ് പൂർത്തിയാകുകയും കേരള വിദ്യാഭ്യാസ നിയമം അദ്ധ്യായം **14** (എ) ചട്ടം **45** ബി **(4)** പ്രകാരം ടെസ്റ്റ് യോഗ്യത നേടുന്നതിൽ നിന്നും സ്ഥിരമായി ഒഴിവാക്കപ്പെടുകയും ചെയ്തിട്ടുള്ളതാണ്. ഞാൻ **1.8.2018** മുതൽ പ്രധാനാദ്ധ്യപികയായി സേവനമനുഷ്ഠിക്കുകയും അംഗീകാരം ലഭിക്കാതെ **31.5.2020**-ൽ വിരമിച്ച് എൽ.പി.എസ്.ടി തസ്തികയിലെ ശമ്പളത്തിൽ പെൻഷൻ വാങ്ങിക്കുകയും ചെയ്യുന്നു.

**1.6.2011** മുതൽ പ്രധാനാദ്ധ്യപികയായി സേവനം അനുഷ്ഠിച്ചു വരുന്ന ശ്രീമതി.സുധാകുമാരി ടിയാരിയുടെ സ്വന്തം തീരുമാന പ്രകാരം പ്രധാനാദ്ധ്യാപിക തസ്തികയിൽ നിന്നും **31.7.2018** മുതൽ എൽ.പി.എസ്.ടി ആയി റിവർഷൻ ആവശ്യപ്പെട്ടുകൊണ്ട് മാനേജർക്ക് അപേക്ഷ നൽകുകയും, മാനേജരുടെ ശുപാർശയനുസരിച്ച് കൊല്ലങ്കോട് ഉപജില്ല വിദ്യാഭ്യാസ ഓഫീസർ ശ്രീമതി.സുധാകുമാരിയുടെ എൽ.പി.എസ്.ടി ആയുള്ള റിവർഷൻ **31.7.2018** മുതൽ അംഗീകരിച്ചുകൊണ്ട് എഫ്/**2674/2018** തീയതി **6.3.2019** പ്രകാരം ഉത്തരവായി.

തുടർന്ന് **1.8.2018** മുതൽ എന്നെ പ്രധാനാദ്ധ്യാപികയായി സ്ഥാനക്കയറ്റം നൽകികൊണ്ട് മാനേജർ നിയമന ഉത്തരവ് സമർപ്പിക്കുകയുണ്ടായി. ഉപജില്ല വിദ്യാഭ്യാസ ഓഫീസർ, ജില്ല വിദ്യാഭ്യാസ ഓഫീസർ എന്നിവർ എന്റെ സ്ഥാനക്കയറ്റം നിരസിച്ചതിനെ തുടർന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് റിവിഷൻ ഹർജി നൽകുകയും ചെയ്തു. ഡയറക്ടറുടെ ജി**1/12895/2018** തീയതി **8.6.2022**-ലെ ഉത്തരവ് പ്രകാരം എന്റെ **1.8.2018** മുതൽക്കുള്ള പ്രധാനാദ്ധ്യാപിക സ്ഥാനക്കയറ്റം അംഗീകരിക്കുവാൻ കൊല്ലങ്കോട് ഉപജില്ല വിദ്യാഭ്യാസ ഓഫീസറിന് നിർദ്ദേശം നൽകി.

ശ്രീമതി.സുധാകുമാരിയുടെ എൽ.പി.എസ്.ടി ആയുള്ള **31.7.2018** മുതൽക്കുള്ള റിവിഷൻ അംഗീകരിച്ചുകൊണ്ട് **6.3.2019**-ലെ ഉത്തരവ് നിലനിൽക്കെ തന്നെ ശ്രീമതി.സുധാകുമാരിയുടെ എൽ.പി.എസ്.ടി റിവർഷന് കെ.ഇ.ആർ-ൽ വ്യവസ്ഥയില്ല എന്ന കാരണം ഉന്നയിച്ചുകൊണ്ട് **1.8.2018** മുതൽക്കുള്ള എന്റെ സ്ഥാനക്കയറ്റം പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവിനെ മറികടന്നുകൊണ്ട്

നിരസിച്ചിരിക്കയാണ്. പ്രധാനാദ്ധ്യാപികയായി ശ്രീമതി.സുധാകുമാരിയുടെ 31.7.2018 മുതൽക്ക് എൽ.പി.എസ്.ടി ആയുള്ള റിവർഷൻ ഉപജില്ല വിദ്യാഭ്യാസ ഓഫീസറുടെ എഫ്/2674/2018 തീയതി 6.3.2019-ലെ ഉത്തരവ് പ്രകാരം അംഗീകരിച്ചതാണ്.

1.8.2018 മുതൽക്കുള്ള എന്റെ പ്രധാനാദ്ധ്യാപിക സ്ഥാനക്കയറ്റത്തിനുള്ള തസ്തിക സ്ഥിരീകരിക്കപ്പെട്ടതാണ്. എന്റെ നിയമനം 1.8.2018 മുതൽ അംഗീകരിക്കണമെന്ന് നിർദ്ദേശം നൽകികൊണ്ട് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ജി1/12895/2019 തീയതി 8.6.2022-ലെ ഉത്തരവ് നടപ്പിലാക്കുന്നതിൽ ഉപജില്ല വിദ്യാഭ്യാസ ഓഫീസർ ബാദ്ധ്യസ്ഥനാണ്. എന്റെ സീനിയോറിറ്റി, ടെസ്റ്റ് യോഗ്യതയിൽ നിന്നുള്ള ഇളവ്, ചട്ടം 43 പ്രകാരമുള്ള പ്രൊമോഷൻ അവകാശം എന്നിവയെല്ലാം എന്റെ സ്ഥാനക്കയറ്റത്തിന് അനുകുല ഘടകങ്ങളാണ്.സർവ്വീസിലിരിക്കുന്ന ഏതു ഉദ്യോഗസ്ഥനും തന്റെ സ്ഥാനക്കയറ്റം റിലിങ്ക്വിഷ് ചെയ്യാൻ കേരള സർവ്വീസ് സബോർഡിനേറ്റ് സർവ്വീസ് നിയമത്തിൽ വ്യവസ്ഥയുണ്ട്. കെ.എസ്.ആർ നിയമങ്ങൾ എയ്ഡഡ് സ്കൂൾ ടീച്ചർമാർക്ക് ബാധകമാക്കിയതുപോലെ കെ.എസ്.എസ്.ആർ-ലെ ഇത്തരം വ്യവസ്ഥകളും ബാധകമാക്കിയിട്ടുണ്ട്.ഡിപ്പാർട്ട്മെന്റിന്റെ ഉന്നതാധികാരിയായ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിവിഷൻ ഉത്തരവ് എന്തു തന്നെയായിരുന്നാലും ഈ ഉത്തരവിനെ നിരാകരിച്ചുകൊണ്ട് ഘടകവിരുദ്ധമായ മറ്റൊരു ഉത്തരവ് ഇറക്കാനുള്ള ആദ്യന്തികമായ വിവേചനാധികാരം എ.ഇ.ഒ യിൽ നിക്ഷിപ്തമാണ് എന്ന മിഥ്യാധരണ നിലവിലുള്ള Official Decorum ദുർബലപ്പെടുത്തുന്ന സ്ഥിതി സംജാതമാക്കും. ഇനി സർക്കാർ ഉത്തരവ് ഇറക്കിയാൽ പോലും എ.ഇ.ഒ യുടെ ഭാഗത്തു നിന്നും ഇത്തരം നീക്കം വീണ്ടും ഉണ്ടായേക്കാം.ആയതിനാൽ എഫ്/34095/2022 തീയതി 8.11.2022 എന്ന നിയമ വിരുദ്ധ ഉത്തരവ് റദ്ദുചെയ്ത് ഡയറക്ടറുടെ റിവിഷൻ ഉത്തരവിന്റെ അടിസ്ഥാനത്തിൽ എന്റെ 1.8.2018 മുതൽക്കുള്ള പ്രധാനാദ്ധ്യാപിക സ്ഥാനക്കയറ്റം അംഗീകരിച്ച് ഉത്തരവാകണമെന്ന് അപേക്ഷിക്കുന്നു.

**3.വിദ്യാഭ്യാസ അധികാരികളുടെ സമാനമായ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.**

വിഎംജിഎസ് കണിമംഗലം സ്കൂളിലെ പ്രധാനാദ്ധ്യാപികയായിരുന്ന ശ്രീമതി.സുധാകുമാരിയെ എൽ.പി.എസ്.ടി തസ്തികയിലേക്ക് തരം താഴ്ത്തിയ

ഒഴിവിൽ ശ്രീമതി.ഗീതാദേവിയെ പ്രധാനാദ്ധ്യാപികയായി മാനേജർ നിയമിച്ചിരുന്നു. പ്രസ്തുത അപേക്ഷ ഉപജില്ല വിദ്യാഭ്യാസ ഓഫീസർ, ജില്ല വിദ്യാഭ്യാസ ഓഫീസർ എന്നിവർ പ്രധാനാദ്ധ്യാപികയെ എൽ.പി.എസ്.ടി തസ്തികയിൽ തരം താഴ്താൻ കഴിയില്ല, ആയതുകൊണ്ട് ഒഴിവു വ്യവസ്ഥാപിതമല്ല എന്ന കാരണത്താലും മറ്റം നിരസിച്ചു. തുടർന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ **8.6.2022** തീയതിയിലെ ജി**1/12895/2019/DGE** ഉത്തരവ് പ്രകാരം മറ്റ് അപാകതകൾ ഇല്ലെങ്കിൽ നിയമനാംഗീകാരത്തിൽ തീരുമാനമെടുക്കുന്നതിനായി നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പ്രധാനാദ്ധ്യാപികയെ എൽ.പി.എസ്.ടി യായി തരം താഴ്താൻ കെ.ഇ.ആർ ചട്ടങ്ങളിൽ പറയുന്നില്ല എന്ന കാരണത്താൽ പ്രസ്തുത നിയമനം എഫ്/**34095/2022** തീയതി **18.10.2022** പ്രകാരം എ.ഇ.ഒ യും, തുടർന്ന് ജില്ല വിദ്യാഭ്യാസ ഓഫീസറും നിരസിച്ചു. തുടർന്ന് ഈ ആവശ്യവുമായി ബന്ധപ്പെട്ട് ശ്രീമതി.ഗീതാദേവി ബഹു.കോടതിയെയും, ഗവൺമെന്റിനെയും സമീപിച്ചു. തുടർന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ **5.6.2024** തീയതിയിലെ ജി**1/1330/2023/DGE** നമ്പർ കത്ത് പ്രകാരം ടി വിഷയത്തിൽ അപ്പീൽ സമർപ്പിക്കേണ്ടത് സർക്കാരിൽ ആണ് എന്ന് മാനേജർക്കും ശ്രീമതി.ഗീതാദേവിക്കും നിർദ്ദേശം നൽകണമെന്ന് ആവശ്യപ്പെട്ടതിൻ പ്രകാരം എ.ഇ.ഒ **22.6.2024** തീയതിയിൽ **AEOKLG/490/2024-F** നമ്പർ പുറത്തെഴുത്ത് കത്തായി അയച്ചു നൽകിയിട്ടുണ്ട്. കൂടാതെ ടി വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. ഗവണ്മെന്റിൽ നിന്നും നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് ഈ കാര്യാലയത്തിൽ നിന്നും തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീമതി.ഗീതാദേവി പ്രധാനാദ്ധ്യാപിക ഇൻചാർജ്ജ് ആയി വിരമിച്ച ഒഴിവിൽ ശ്രീമതി.ബിന്ദു.പി.എൻ-നെ പ്രധാനാദ്ധ്യാപികയായി മാനേജർ നിയമിച്ചു. പ്രസ്തുത നിയമനത്തിന് മാനേജർ നൽകിയ അപേക്ഷയിൽ ശ്രീമതി.ഗീതാദേവി പ്രധാനാദ്ധ്യാപികയായി വിരമിച്ച ഒഴിവിൽ ആണ് ശ്രീമതി.ബിന്ദു.പി.എൻ നെ നിയമിക്കുന്നത് എന്നാണ് സൂചിപ്പിച്ചത്. കൂടാതെ ശ്രീമതി.ബിന്ദു.പി.എൻ വകുപ്പുതല പരീക്ഷ പാസ്സായിട്ടുണ്ട്. ആയതിനാൽ **29.12.2020** തീയതിയിൽ എഫ്/**4063/2020** നമ്പർ ഉത്തരവ് പ്രകാരം **1.6.2020** മുതൽ ശ്രീമതി.ബിന്ദു.പി.എൻ ന്റെ നിയമനം അംഗീകരിച്ചു നൽകി. തുടർന്ന് ശ്രീമതി.ബിന്ദു.പി.എൻ പ്രധാനാദ്ധ്യാപികയായി **31.3.2023** തീയതിയിൽ സ്വയം വിരമിച്ച ഒഴിവിൽ ശ്രീമതി.

ഗായത്രി എൻ.നെ 1.4.2023 മുതൽ താൽക്കാലിക പ്രധാനാദ്ധ്യാപികയായി മാനേജർ നിയമിച്ചു. ടി അദ്ധ്യാപികയ്ക്ക് ആവശ്യമായ സർവ്വീസോ, ടെസ്റ്റ് പാസ്സാകുകയോ, 50 വയസ്സ് പൂർത്തീകരിക്കുകയോ ചെയ്യിട്ടില്ല. എന്നിരുന്നാലും ടി സ്കൂളിൽ സീനിയർ ആയ അദ്ധ്യാപിക പരിത്യാഗ പത്രം സമർപ്പിച്ചത് പ്രകാരം ശ്രീമതി.ഗായത്രി. എൻ-ന്റെ നിയമനം എ.ഇ.ഒ അംഗീകരിച്ചു നൽകിയിട്ടുണ്ട്.

4.സർക്കാർ ഇക്കാര്യം നിലവിലുള്ള ചട്ടങ്ങളുടെയും ഉത്തരവുകളുടെയും, ഹിയറിംഗ് സമയത്തെ വാദം, ലഭ്യമായ റിപ്പോർട്ടുകൾ എന്നിവയുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചു. പാലക്കാട്, കണിമംഗലം വി.എം.ജി സ്കൂളിലെ പ്രധാനാദ്ധ്യാപിക ആയിരുന്ന ശ്രീമതി.സുധാകുമാരിയെ എൽ.പി.എസ്.ടി തസ്തികയിലേക്ക് തരം താഴ്തിയ ഒഴിവിൽ ശ്രീമതി. ഗീതാദേവി.പി.കെ യെ 1.8.2018 മുതൽ മാനേജർ നിയമിച്ചിരുന്നു. ടി നിയമനം ശ്രീമതി.സുധാകുമാരിയെ എൽ.പി.എസ്.ടി തസ്തികയിലേക്ക് തരംതാഴ്തിയ നടപടി അംഗീകരിച്ചിട്ടില്ല, ഹർജിക്കാരി ടെസ്റ്റ് യോഗ്യത നേടിയിട്ടില്ല തുടങ്ങി വിവിധ കാരണങ്ങളാൽ ഉപജില്ല വിദ്യാഭ്യാസ ഓഫീസറും, ജില്ല വിദ്യാഭ്യാസ ഓഫീസറും നിരസിച്ചു. എന്നാൽ ഉത്തരവ് നം.എഫ്/2674/2018/KDis. തീയതി 6.3.2019 പ്രകാരം ശ്രീമതി.സുധാകുമാരിയെ എൽ.പി.എസ്.ടി തസ്തികയിലേക്ക് തരം താഴ്തി ഉത്തരവ് പുറപ്പെടുവിച്ചതായി കാണുന്നു. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 8.6.2022-ലെ ജി1/12895/2019/ഡി.ജി.ഇ ഉത്തരവ് പ്രകാരം ടി സ്കൂളിന്റെ സീനിയോറിറ്റി ലിസ്റ്റ് പരിശോധിച്ച് മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ 1.8.2018 മുതൽ ഹർജിക്കാരിയുടെ പ്രധാനാദ്ധ്യാപിക തസ്തികയിലെ നിയമനം അംഗീകരിക്കുന്നതിന് കൊല്ലങ്കോട് ഉപജില്ല വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ പ്രധാനാദ്ധ്യാപികയെ എൽ.പി.എസ്.ടി ആയി തരം താഴ്താൻ കെ.ഇ.ആർ-ൽ വ്യവസ്ഥ ഇല്ല എന്ന കാരണത്താൽ 18.10.2022-ലെ ഉത്തരവ് പ്രകാരം കൊല്ലങ്കോട് ഉപജില്ല വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു നൽകി. തുടർന്നാണ് ഹർജിക്കാരി സർക്കാരിനെ സമീപിച്ചിരിക്കുന്നത്.

ശ്രീമതി.ഗീതാദേവി പി.കെ 31.5.2020-ൽ വിരമിച്ച ഒഴിവിൽ കൊല്ലങ്കോട് ഉപജില്ല വിദ്യാഭ്യാസ ഓഫീസർ 1.6.2020 മുതൽ ശ്രീമതി.ബിന്ദു.പി.എൻ-ന്റെ നിയമനം അംഗീകരിക്കുകയും ശ്രീമതി.ബിന്ദു.പി.എൻ 31.3.2023 തീയതിയിൽ സ്വയം വിരമിച്ച

ഒഴിവിൽ ശ്രീമതി.ഗായത്രി.എൻ -നെ **1.4.2023** മുതൽ വകുപ്പു തല പരീക്ഷ പാസ്സാകാത്തതിനാൽ താൽക്കാലിക പ്രധാനാദ്ധ്യാപിക ആയി നിയമിക്കുകയും ടി നിയമനവും അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

ഹർജിക്കാരിക്ക് **18.5.2014**-ന് **50** വയസ്സ് പൂർത്തിയാകുകയും, കെ.ഇ.ആർ അദ്ധ്യായം **XIV A,** ചട്ടം **45** ബി(**4**) പ്രകാരം ടെസ്റ്റ് യോഗ്യതയിൽ നിന്നും ഇളവ് നേടിയിട്ടുള്ളതുമാണ്. പ്രധാനാദ്ധ്യപികയായിരുന്ന ശ്രീമതി.സുധാകുമാരിയെ എൽ.പി.എസ്.ടി ആയി തരം താഴ്ത്തിയ ഒഴിവിൽ **1.8.2018** മുതലാണ് ടിയാൾക്ക് പ്രധാനാദ്ധ്യപികയായി മാനേജർ നിയമനം നൽകിയിട്ടുള്ളത്. **6.3.2019**-ലെ എഫ്/**2674/2018/K.Dis.** പ്രകാരം ശ്രീമതി.സുധാകുമാരിയെ തരംതാഴ്ത്തിയ നടപടി കൊല്ലങ്കോട് ഉപജില്ല വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചിട്ടുള്ളതുമാണ്.

**5.**മേൽ സാഹചര്യത്തിൽ, **1.8.2018** മുതൽ **31.5.2020** വരെ ശ്രീമതി.ഗീതാദേവി.പി.കെ യെ പ്രധാനാദ്ധ്യാപികയായി സ്ഥാനക്കയറ്റം നൽകി നിയമിച്ചത് മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ അംഗീകരിക്കാനും ആനുകൂല്യങ്ങൾ നൽകാനും, തെറ്റായ നടപടി സ്വീകരിച്ച കൊല്ലങ്കോട് ഉപജില്ല വിദ്യാഭ്യാസ ഓഫീസർക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കുന്നതിനും പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദേശം നൽകി, സ്ഥാനക്കയറ്റം ലഭിച്ച ശേഷം അത് പരിത്യജിക്കാൻ പാടില്ലെന്നും അത്തരം അപേക്ഷകൾ ലഭിച്ചാൽ വിദ്യാഭ്യാസ ഓഫീസർമാർ അതംഗീകരിക്കരുതെന്നും കർശന നിർദ്ദേശം ഒരിക്കൽകൂടി നൽകുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തി പാലക്കാട് കണിമംഗലം വി.എം.ജി സ്കൂളിൽ പ്രധാനാദ്ധ്യാപിക തസ്തികയിൽ നിന്നും വിരമിച്ച ശ്രീമതി.ഗീതാദേവി.പി.കെ ഫയൽ ചെയ്ത **01.03.2023** തീയതിയിലെ പുന പരിശോധനാ ഹർജി **(EXT P8)** തീർപ്പാക്കി , അപ്രകാരം **WP(C)No.34821/2024** കേസിൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച **04.10.2024** തീയതി വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

M RATHEESH

അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)

അക്കൗണ്ടന്റ് ജനറൽ (എആൻറ് ഇ/ആഡിറ്റ്), തിരുവനന്തപുരം

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

ഉപജില്ലാവിദ്യാഭ്യാസഓഫീസർ, കൊല്ലങ്കോട്

ശ്രീമതി.ഗീതാദേവി.പി.കെ, പ്രധാനാദ്ധ്യാപിക (Retired), വി.എം.ജി സ്കൂൾ, കണിമംഗലം, പാലക്കാട്

പൊതു വിദ്യാഭ്യാസ (ജെഎ) വകുപ്പ്, (GE-JA1/178/2025-GEDN dtd,28.04.2025)

വിവര പൊതുജന സമ്പർക്ക (വെബ്&ആന്റ്ന്യൂമീഡിയ) വകുപ്പ് (പ്രസിദ്ധീകരണത്തിനായി )

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Shahnakumari S L
Date: 26-06-2025 15:50:33

സെക്ഷൻ ഓഫീസർ